www.malankaralibrary.com

പതിനേഴ്

ദൈവദാസ്യത്തിലൂടെ മനുഷ്യദാസൻ

ഡോ. ജെ.എസ്സ്. തേക്കുങ്കൽ

ചാവറയച്ചൻ മരിച്ചിട്ട് 141 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 66 വർഷം നീണ്ട ജീവിതം കൊണ്ട് തന്റെ മനുഷ്യജന്മം അദ്ദേഹം സാർഥകമാക്കി. ജാതിക്കും വംശത്തിനും സമുന്നതിവരുത്തി. അതുകൊണ്ടുതന്നെ മരിച്ചിട്ടും ചാവറയച്ചൻ നമ്മുടെ മധ്യേ ജീവിക്കുന്നു; ചിരന്തന സാന്നിധ്യമായി, പ്രകാശഗോപുരമായി, പ്രചോദകശക്തിയായി.

നന്മ ചെയ്തു കടന്നുപോയി എന്നു പറയാൻ പാകത്തിലായിരുന്നു ആ ജീവിതം. മനുഷ്യദാസ്യത്തിലൂടെ ദൈവദാസ്യത്തിലേക്കു വളർന്ന, ദൈവദാസ്യത്തിലൂടെ മനുഷ്യദാസനായി മാറിയ ഒരു മഹച്ചരിതം. ഒരു മനുഷ്യായുസിൽ ചെയ്യാവുന്നതിലധികം കാര്യങ്ങൾ അദ്ദേഹം *ജാതിവംശസമുന്നതി*ക്കുവേണ്ടി ചെയ്തു. ആ കർമയോഗിക്ക് നിരവധി അഭിധാനങ്ങൾ ചാർത്തിക്കൊടുക്കാനാവും: കാലത്തിനു മുമ്പേ നടന്ന സമുദായോദ്ധാരകൻ, സാമൂഹ്യപരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ, മാധ്യമക്കുടുംബത്തിന്റെ പൂർവപിതാവ്, കേരള നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രം, കേരളത്തിന്റെ പുരോഹിതപുണ്യം, വാഴ്ത്തപ്പെട്ടവൻ അങ്ങനെ പലതും.

ചാവറയച്ചൻ നമ്മുടെ നാട്ടിലെ സാമൂഹ്യസാംസ്കാരികവിദ്യാഭ്യാസ ആത്മിക മേഖലകളിലെല്ലാം ഒരു *പയനിയർ*, ആരംഭകനും വഴികാട്ടിയും മാർഗദർശിയും, ആയിരുന്നു. ക്രാന്തദർശിത്വവും സാഹസികതയും ഒത്തുചേർന്നപ്പോൾ ചാവറയച്ചനിലെ കർമ്മയോഗി ഐതിഹാസികമായ കാൽവയ്പുകൾ നടത്തി. പിൽക്കാല തലമുറകൾക്ക് അവ പുരോഗതിയിലേക്കുള്ള കുതിച്ചുചാട്ടത്തിനു പ്രചോദനമേകി.

വിദ്യാഭ്യാസരംഗത്തെ കാൽവയ്പുതന്നെ നോക്കുക. ഉദാത്ത ചിന്തകളും മോഹനസങ്കല്പങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. വിദ്യാഭ്യാസത്തിന് *പഠിത്വം* എന്ന പദമാണ് അദ്ദേഹം ഉപയോഗിക്കുന്നത്. *രണ്ടാമത്തെ വെളിവ്*

www.malankaralibrary.com

പഠിത്വം ആകുന്നു... കണ്ണിന്റെ വെളിവ് കൂടാതെ ലോകത്തിലുള്ള വസ്തു കാൺമാൻ വശമില്ല... കണ്ണില്ലാത്തവർ കുരുടന്മാരാകുന്നു എന്നതുപോലെ പഠിത്വമില്ലാത്തവൻ ജ്ഞാനകുരുടന്മാരാകുന്നു. സഹജീവികൾ ജ്ഞാന കുരുടന്മാരാകരുത്. അതിനുവേണ്ടിയാണ് 1846-ൽ ചാവറയച്ചൻ മാന്നാനത്ത് സംസ്കൃത പാഠശാല തുടങ്ങിയത്. പിന്നീട് ആർപ്പൂക്കരയിലും മാന്നാനത്തും സ്കൂളുകൾ തുടങ്ങി. ഇടവകകൾതോറും പള്ളിക്കൂടം സ്ഥാപിക്കണമെന്നും അല്ലാത്തപക്ഷം അംശമുടക്കു കലപിക്കുമെന്നുമുള്ള താക്കീതോടു കൂടിയുള്ള ബർണദിനോസ് മെത്രാപ്പോലീത്തയുടെ സർക്കുലർ ചാവറയച്ചന്റെ പ്രേരണയുടെ ഫലമായിരുന്നു. ആ സർക്കുലർ ചാവറയച്ചന്റെ കൈപ്പടയിലാണ് എഴുതിയിരിക്കുന്നതും. കേരളത്തിലെ ക്രൈസ്തവ സമൂഹം വിദ്യാഭ്യാസരംഗത്ത് അസൂയാർഹമായ മുന്നേറ്റം നടത്തിയെങ്കിൽ അതിനു തുടക്കമിട്ടത് ചാവറയച്ചനാണെന്ന് കൃതജ്ഞതാപൂർവം സ്മരിക്കുക.

മുദ്രാലയ സ്ഥാപനത്തിനുവേണ്ടി ചാവറയച്ചൻ പെട്ട പെടാപ്പാടുകൾ അത്ഭുതാവഹമെന്നേ പറയേണ്ടതുള്ളൂ. തിരുവനന്തപുരത്തെ മഹാരാജാവിന്റെ അച്ചുകൂടം പോയിക്കാണുക, അതിന്റെ ചിത്രവും പ്രവർത്തനവും മനസിലുറപ്പിച്ച് മാന്നാനത്തേക്കു മടങ്ങി വാഴപ്പിണ്ടികൊണ്ട് പ്രസ്സിന്റെ മോഡലുണ്ടാക്കുക, അതു കാണിച്ച് ആശാരിയെക്കൊണ്ട് മരപ്രസ്സ് പണിയിക്കുക, തട്ടാനെക്കൊണ്ട് അക്ഷരങ്ങൾ വാർത്തെടുക്കുക.... അങ്ങനെയാണ് കേരള നസ്രാണി സമൂഹത്തിന്റെ ആദ്യ പ്രസിന്റെ ഉല്പത്തി ചരിത്രം, ആ മഹായത്നത്തിന്റെ കാലാനുസൃതമായ വികാസപരിണാമത്തോടു ബന്ധപ്പെട്ടതാണ് *ദീപിക*യുടെ ആരംഭകാല ചരിത്രമെന്നതും ശ്രദ്ധേയമാണ്.

നമ്മുടെ നാട്ടിലെ ആദ്യത്തെ രണ്ടു സന്യാസസഭകളുടെ (സി.എം.ഐ.യും സി.എം.സി.യും) സ്ഥാപനം, *ആരും പോരുമില്ലാത്ത ദീനക്കാർക്കു* വേണ്ടി ആദ്യത്തെ *ഉപവിശാല*യുടെ സ്ഥാപനം (1869) സാഹിത്യരംഗത്തെ പ്രവർത്തനങ്ങൾ (150 വർഷങ്ങൾക്കു മുൻപു ചാവറയച്ചൻ രചിച്ച *അനസ്താസ്യയുടെ രക്തസാക്ഷ്യം* മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമാണ്) തുടങ്ങിയവയെല്ലാം ചാവറയച്ചന്റെ നേട്ടങ്ങളുടെ നീണ്ട പട്ടികയിൽ എടുത്തുപറയേണ്ടവയാണ്.

ചാവറയച്ചൻ ഒട്ടേറെ വലിയ കാര്യങ്ങൾ ചെയ്തു. അദ്ദേഹം എന്തു ചെയ്തു എന്നതിനേക്കാൾ പ്രധാനം അദ്ദേഹം എന്തായിരുന്നു എന്നതാണ്. എല്ലാത്തിനുമുപരി അദ്ദേഹം ഒരു ദൈവീകമനുഷ്യനായിരുന്നു. കർമയോഗിയായിരുന്നു; പുണ്യപുരുഷനായിരുന്നു. അതു മനസ്സിലാക്കാതെ ചാവറയച്ചനെ മനസ്സിലാക്കിയെന്നു പറയാനാവില്ല.

www.malankaralibrary.com

കേരളത്തിലെ ജനനന്മയ്ക്കുവേണ്ടി വിലപ്പെട്ട സേവനമനുഷ്ഠിച്ച മഹാത്മാവാണ് ചാവറയച്ചൻ. എന്തുകൊണ്ടോ ആ സമാദരണീയനായ വ്യക്തിയെ യഥാസമയം അംഗീകരിച്ചാദരിക്കാൻ നമ്മുടെ സമൂഹം മറന്നുപോയി.

പി.ഗോവിന്ദപിള്ളയുടെ നിരീക്ഷണം ഇവിടെ ഓർക്കാം:

ചാവറയച്ചന്റെ സമർപ്പണ ജീവിതവും ദീർഘദൃഷ്ടിയോടുകൂടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങളും കേരളനവോത്ഥാന ചരിത്രത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. കേരളീയ ജനസമൂഹത്തിന്റെ സമഗ്രമായ സാമൂഹ്യവികാസത്തിനും സാംസ്കാരിക അത്യുന്നതിക്കും ഈ പ്രവർത്തനങ്ങൾ എപ്രകാരം സഹായകമായി എന്നു പരിശോധിച്ച് കേരളത്തിലെ നവോത്ഥാനനായകരുടെ അഗ്രാസനങ്ങളിൽ അദ്ദേഹത്തെ പ്രതിഷ്ഠിക്കുക എന്ന ചരിത്രശാസ്ത്രധർമം നാം വേണ്ടവിധത്തിൽ നിർവഹിച്ചിട്ടുണ്ടോ എന്നു സംശയം.

ഇന്ന് ഈ സ്ഥിതിവിശേഷം മാറിവരുന്നുവെന്നത് ശുഭോദർക്കമാണ്. നമ്മുടെ ചരിത്രകാരന്മാരും സാംസ്കാരിക നേതാക്കളും കഴിഞ്ഞകാലത്ത് സംഭവിച്ച നോട്ടപ്പിശക് തിരുത്തുവാനും ചാവറയച്ചനെന്ന മഹാത്മാവിനെ ഇരുത്തേണ്ടിടത്ത് ഇരുത്തുവാനും തയാറായി തുടങ്ങിയിട്ടുണ്ട്. അത്രയും നന്ന്. പോസ്റ്റൽ വകുപ്പ് 1987 ഡിസംബർ 20ന് ചാവറയച്ചന്റെ ഒരു അനുസ്മരണ സ്റ്റാമ്പ് പുറത്തിറക്കി അദ്ദേഹത്തെ ആദരിച്ചതും ഇവിടെ സ്മരിക്കുക.

ആഗോള കത്തോലിക്കാ സഭയും ചാവറയച്ചന്റെ പാവനജീവിതത്തെ അംഗീകരിച്ചാദരിക്കുകയുണ്ടായി. കോട്ടയത്ത് 1986 ഫെബ്രുവരി എട്ടാം തീയതി ജോൺപോൾ രണ്ടാമൻ പാപ്പാ സദസ്സിയിലൊഴുകിക്കൂടിയ ജനലക്ഷങ്ങളെ സാക്ഷിനിർത്തി പ്രഖ്യാപിച്ചു; മാന്നാനത്തെ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഭരണങ്ങാനത്തെ മുട്ടത്തുപാടത്ത് അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ടവരാണെന്ന്.

ഇതിനിടയിൽ ഭരണങ്ങാനത്തെ സഹനസൂനം അൽഫോൻസാമ്മ ഭാരതത്തിന്റെ ഒന്നാമത്തെ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. നമുക്കതിൽ അഭിമാനിക്കാം. സന്തോഷിക്കാം.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്നതു കാണുവാനും അതിൽ അഭിമാനിക്കുവാനും സന്തോഷിക്കുവാനും സാംസ്കാരിക കേരളത്തിനു ഭാഗ്യമുണ്ടാകട്ടെ.

■